തീരുമാനങ്ങൾക്ക് കാലതാമസം ഉണ്ടാക്കുന്നതിനും പൊതുജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നതിനും മാത്രം ഉതകുന്ന കാലഹരണപ്പെട്ടതും അപ്രസക്തവുമായ ചട്ടങ്ങളും നടപടിക്രമങ്ങളും മാറുന്നതാണെന്ന് ഇക്കഴിഞ്ഞ നിയമസഭാസമ്മേളനത്തിലെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

തീരുമാനങ്ങൾക്ക് കാലതാമസം ഉണ്ടാക്കുന്നതിനും പൊതുജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നതിനും മാത്രം ഉതകുന്ന കാലഹരണപ്പെട്ടതും അപ്രസക്തവുമായ ചട്ടങ്ങളും നടപടിക്രമങ്ങളും ഉണ്ടെങ്കിൽ അവ മാറ്റുക, നടപടിക്രമങ്ങൾ ലഘൂകരിക്കുക തുടങ്ങിയ ലക്ഷ്യം വച്ചുകൊണ്ട് ഭരണപരിഷ്ക്കാര വകുപ്പ് പഠനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നൽകുന്നുണ്ട്. കളക്ടറേറ്റിൽ സിമന്റ് വിതരണം നടത്തുന്നതിനുള്ള സംവിധാനവും സിവിൽ സപ്ലൈസ് വകുപ്പിൽ റേഷൻകാർഡ് വിതരണവും മറ്റും സംബന്ധിച്ചുള്ള സംവിധാനവും മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള പഠനത്തിനു വിധേയമാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന ശുപാർശ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മോട്ടോർ വെഹിക്കിൾസ് വകുപ്പിൽ ഇത്തരത്തിലുള്ള പഠനം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു.

ആയുർവ്വേദ കോളേജുകളിലെ വർക്ക് അറേഞ്ചുമെൻറിലുള്ള നിയമനം

* 203 [252] ശ്രീ. ബെന്നിബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ ഓഫീസർമാരെ വർക്ക് അറേഞ്ചുമെൻറിൽ മെഡിക്കൽ കോളേജുകളിലേക്ക് നിയമിച്ചുവന്നത് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഗവൺമെൻറ് ആയുർവ്വേദ കോളേജുകളിൽ ഇത്തരം നിയമനം നടക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ;

(ഡി) അവ നിർത്തലാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരത്തേയും, തൃപ്പൂണിത്തുറയിലേയും ഗവൺമെൻറ് ആയുർവ്വേദ കോളേജുകളിൽ.

(ഡി) പബ്ലിക് സർവ്വീസ് കമ്മീഷൻവഴി ആളുകൾ ലഭ്യമാകുന്ന മുറയ്ക്ക് വർക്ക് അറേഞ്ച്മെൻറ് നടപടി നിർത്തലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly